**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3442** **14-07-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസമേഖലയിലെ പഠന സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എം.വിജിൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ എൻറോൾമെന്റ് നിരക്ക് വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; സംസ്ഥാനത്തെയും ദേശീയ തലത്തിലെയും എൻറോൾമെന്റ് നിരക്ക് നിലവിൽ എത്രയാണെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഗ്രോസ് എൻറോൾമെൻറ് റേഷ്യോ 75 ശതമാനമായെങ്കിലും ഉയർത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.<br><br>2019-2020 - ലെ അഖിലേന്ത്യാ ഉന്നതവിദ്യാഭ്യാസ സർവ്വേ (AISHE) പ്രകാരം സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയിലെ എൻറോൾമെൻറ് റേഷ്യോ (GER) 38.8 ശതമാനമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ (27.1 %) കൂടുതലാണ്. |
| (ബി) | ഉന്നത വിദ്യാഭ്യാസ മേഖലയിൽ പഠന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള കോളേജുകളിൽ സീറ്റുകൾ വർദ്ധിപ്പിക്കുന്നതു കൂടാതെ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങൾ കൂടുതൽ കാര്യക്ഷമമായി വിനിയോഗിക്കാവുന്ന തരത്തിൽ ഉച്ചകഴിഞ്ഞ് അധിക ബാച്ച് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സീറ്റ് വർദ്ധിപ്പിച്ചു; | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ, എയ്ഡഡ് കോളേജുകളിലെ നിലവിലുള്ള പ്രവർത്തി സമയം 9.30 മുതൽ 3.30 വരെയാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ AICTE-യുടെ പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം ഉച്ചകഴിഞ്ഞ് അധിക ക്ലാസ് (Part Time Courses) അനുവദിക്കുന്നതിന് കഴിയില്ല. പാർട്ട് ടൈം കോഴ്സുകളെയും റെഗുലർ കോഴ്സുകളായാണ് (രണ്ടാം ഷിഫ്റ്റ്) AICTE കണക്കാക്കുന്നത്. പാർട്ട് ടൈം കോഴ്സുകൾ നടത്തി വരുമ്പോൾ AICTE മാനദണ്ഡങ്ങൾ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ, അദ്ധ്യാപകരുടെ എണ്ണം എന്നിവ ഇല്ലാതെ വരുന്നത് സ്ഥാപന ത്തിന് തുടരംഗീകാരം ലഭിക്കുന്നതിനു തടസ്സമായി വരുന്നതിന് കാരണമാകും. അതുകൊണ്ട് ഉച്ചകഴിഞ്ഞ് അധികബാച്ച് അനുവദിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.<br><br>05/08/2021 തീയതിയിലെ സ.ഉ(സാധാ) നം.1011/2021/ ഉ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം 2021-22 വർഷത്തെ സീറ്റ് വർദ്ധനയ്ക്ക് |

| | | | |
|---|---|---|---|
| | | | യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്ക് അനുമതി നല്കിയിരുന്നു. അതിൻ പ്രകാരം, മഹാത്മാഗാന്ധി സർവകലാശാലയിൽ 2021-22 വർഷം വിവിധ കോളേജുകളുടെ അപേക്ഷ പരിഗണിച്ച് ബിരുദ കോഴ്സുകൾക്ക് 7099 സീറ്റുകളും ബിരുദാനന്തരബിരുദ കോഴ്സുകൾക്ക് 3151 സീറ്റുകളും അനുവദിച്ചിട്ടുണ്ട്.<br><br>കാലിക്കറ്റ് സർവകലാശാലയിൽ അഫിലിയേറ്റഡ് കോളേജുകളിലെ വിവിധ പ്രോഗ്രാമുകളിലായി മുപ്പത്തിമൂവായിരത്തിലധികം സീറ്റുകളുടെ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്.<br><br>കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ പഠനവകുപ്പ് മേധാവികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഓരോ കോഴ്സിനും സീറ്റ് വർദ്ധനവ് നൽകിവരുന്നു. സർവകലാശാലയുടെ പുളിങ്കുന്ന് കാമ്പസിലെ എഞ്ചിനീയറിംഗ് കോഴ്സുക ളിലെ എല്ലാ വിഭാഗങ്ങളിലും, എം.സി.എ. കോഴ്സുകളിലും 20% സീറ്റ് വർദ്ധനവ് കഴിഞ്ഞ അധ്യയനവർഷം അനുവദി ച്ചിട്ടുണ്ട്. കൂടാതെ, ഈ അധ്യയനവർഷം ബി.ടെക് കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ്, എം.സി.എ. കോഴ്സുകൾ എന്നിവയുടെ സീറ്റുകൾ 45-ൽ നിന്നും 60 ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>കേരള യൂണിവേഴ്സിറ്റിയിൽ പുതുതായി അനുവദിച്ച വിവിധ കോഴ്സുകൾക്കായി 585 സീറ്റ് വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>എ.പി.ജെ.അബ്ദുൽ കലാം സാങ്കേതിക സർവകലാശാലയിൽ വിവിധ പഠനതലങ്ങളിൽ 2021-2022 - ൽ ബിരുദത്തിന് 46,261 സീറ്റുകളും ബിരുദാനന്തരബിരുദത്തിന് 9,530 സീറ്റുകളും പി.എച്ച്.ഡി.യ്ക്ക് 10 സീറ്റുകളുമാണ് അനുവദിച്ചിട്ടുള്ളത്. |
| (സി) | ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ? | (സി) | ഉണ്ട്. 2020 ഒക്ടോബർ 2-ന നിലവിൽ വന്ന ശ്രീ നാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് 2021 മെയ് മാസം 7-ന 2(F) - ൽ ഉൾപ്പെടുത്തി ഓപ്പൺ ഡിസ്റ്റൻസ് ലേണിംഗിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി UGC - യിൽ നിന്നും ലഭിച്ചിട്ടുണ്ട്. സർവകലാശാലയുടെ കീഴിൽ 12 UG പ്രോഗ്രാമുകളും 5 PG പ്രോഗ്രാമുകളും 2022-23 അക്കാദമിക വർഷം തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ